I ഇ.ബി. XII - കേരള നിയമസഭ/XVII-2

# പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഫെബ്രുവരി 7, തിങ്കൾ

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ചെയർമാന്മാരുടെ പാനൽ

സർവ്വശ്രീ വി. ശശികുമാർ, എൻ ശക്തൻ, ശ്രീമതി ഇ. എസ്. ബിജി മോൾ എന്നീ അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനേഴാം സമ്മേളനകാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## അടിയന്തിരപ്രമേയം

ജസ്റ്റീസ് മോഹൻകുമാർ കമ്മീഷനെ സ്വാധീനിക്കാൻ ശ്രമിച്ച സംഭവം

മി. സ്പീക്കർ: കല്ലുവാതുക്കൽ മദ്യദുരന്തത്തെക്കുറിച്ചന്വേഷിക്കാൻ നിയോഗിച്ച ജസ്റ്റീസ് മോഹൻകുമാർ കമ്മീഷനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമവിരുദ്ധമായി സ്വാധീനിക്കാൻ ശ്രമിച്ചുവെന്നും ക്രിമിനൽ നടപടി പ്രകാരം ശിക്ഷാർഹനായ ഒരാൾ നേതൃസ്ഥാനത്ത് തുടരുന്നത് കുറ്റകര മാണെന്നുമുള്ള ഇ.കെ. നായനാരുടെ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്ന

ശ്രീ. പി. ശശിയുടെ വെളിപ്പെടുത്തൽമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, സി.ടി. അഹമ്മദ് അലി, പി.സി. ജോർജ്, കെ.പി. മോഹനൻ, കെ.കെ. ഷാജു, കെ.ബി. ഗണേഷ്കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കൊല്ലം പാരിപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിലുള്ള കള്ളുഷാപ്പിൽ നിന്നും 20-10-2000-ത്തിലും അതിനടുത്ത ദിവസങ്ങളിലും വിഷമദ്യം കഴിച്ച് 31 പേർ മരണപ്പെടുകയും നിരവധി പേർക്ക് അംഗവൈകല്യം ഉണ്ടാവുകയും ചെയ്ത സംഭവത്തിൽ പാരിപ്പള്ളി, അഞ്ചൽ, പൂയ്യപ്പള്ളി, കൊട്ടാരക്കര, കുന്നിക്കോട്, മംഗലപുരം എന്നീ സ്ഥലങ്ങളിലെ പോലീസ് രജിസ്റ്റർ ചെയ്ത 8 കേസ്സുകളിൽ ശ്രീ. സിബി മാത്യുവിന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം പൂർത്തിയാക്കി 48 പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചു. ഈ കേസ്സിൽ 9 പ്രതികളെ വെറുതെവിടുകയും മറ്റുള്ളവർക്ക് ജീവപര്യന്തം ശിക്ഷ വിധിക്കുകയും ചെയ്തു. സുപ്രീംകോടതിയിൽ അപ്പീൽ പെറ്റീഷൻ പരിഗണനയിലാണ്. സർക്കാർ നിയോഗിച്ച ജസ്റ്റീസ് മോഹൻകുമാർ കമ്മീഷൻ വിശദമായ തെളിവെടുപ്പിനുശേഷം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അന്വേഷണകമ്മീഷനെ അവിഹിതമായോ നിയമ വിരുദ്ധമായോ സ്വാധീനിക്കാൻ ശ്രമിച്ചാൽ അതിനെതിരെ നിയമനടപടി സ്വീകരിക്കാനുള്ള ഉത്തരവാദിത്വം കമ്മീഷനുണ്ട്. ഭരണപരമായ നടപടി

സ്വീകരിക്കേണ്ട സാഹചര്യം ഉണ്ടെങ്കിൽ കമ്മീഷന് രേഖാമൂലം ഗവൺമെന്റിനെ അറിയിക്കാവുന്നതാണ്. ജസ്റ്റീസ് മോഹൻകുമാർ കമ്മീഷൻ അപ്രകാരം യാതൊരു നടപടികളും സ്വീകരിക്കാത്ത സാഹചര്യത്തിൽ ഈ ആരോപണം അടിസ്ഥാനരഹിതമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സത്യസന്ധനും സ്വാധീനിക്കപ്പെടാൻ കഴിയാത്ത വ്യക്തിത്വത്തിന്റെ ഉടമയുമായ ജസ്റ്റീസ് മോഹൻകുമാറിനെ ഇന്നത്തെ മുഖ്യമന്ത്രി സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന് നായനാരുടെ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്ന ശ്രീ. പി. ശശിയാണ് പറഞ്ഞത്. മുഖ്യമന്ത്രി ഇത് നിഷേധിച്ചിട്ടില്ല. ആസൂത്രിതമായി കെട്ടിച്ചമച്ച ഒരു ഗൂഢാലോചനയാണ് ഇതിനുപിന്നിലുള്ളതെന്ന കാര്യം ശ്രീ. പി. ശശി.യും നിഷേധിച്ചിട്ടില്ല. കല്ലുവാതുക്കൽ മദ്യദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ താൽപ്പര്യത്തിന് പൊളിറ്റിക്കൽ സെക്രട്ടറി വഴങ്ങാത്തതാണ് ഇതിന് കാരണം. ഗൂഢാലോചന നടത്തിയതും സിറ്റിംഗ് ജഡ്ജിയെ സ്വാധീനിക്കാൻ ശ്രമിച്ചതും ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതും കൃത്രിമരേഖയുണ്ടാക്കാൻ പ്രേരിപ്പിച്ചതും ക്രിമിനൽ കുറ്റങ്ങളാണ്. മജിസ്ട്രേട്ട് കോടതി മുതൽ സുപ്രീംകോടതി വരെ തള്ളക്കളഞ്ഞ കേസ് വീണ്ടും രജിസ്റ്റർ ചെയ്ത സാഹചര്യത്തിൽ മുഖ്യമന്ത്രിക്കെതിരേയും കേസ് രജിസ്റ്റർ ചെയ്യണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : അടിസ്ഥാനരഹിതമായ ആരോപണങ്ങൾ നിയമസഭയിൽ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത് പെൺവാണിഭത്തിനും സ്ത്രീപീഡനത്തിനുമെതിരെ ശക്തമായ നടപടി സ്വീകരിക്കുന്ന

മുഖ്യമന്ത്രിയെ അപകീർത്തിപ്പെടുത്താനാണ്. കള്ളപ്പണം, കള്ളനോട്ട്, അവിഹിത സ്വത്ത് സമ്പാദ്യം, പെൺവാണിഭം തുടങ്ങിയ പ്രശ്നങ്ങളിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടാൻ വേണ്ടിയാണ് പ്രതിപക്ഷം ഈ അടിയന്തിരപ്രമേയം കൊണ്ടുവന്നിട്ടുള്ളത്. ഇത് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ജസ്റ്റീസ് മോഹൻ കുമാറിന്റെ ഒരു പ്രൊമോഷനെ സംബന്ധിച്ച് അന്നത്തെ പ്രതിപക്ഷ നേതാവാ യിരുന്ന ഞാൻ ഹൈക്കോടതിയിൽ നൽകിയ പരാതി അംഗീകരിച്ച സാഹചര്യത്തിൽ ഞാൻ ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ അദ്ദേഹം അത് വ്യക്തമാക്കുമായിരുന്നു. പെൺവാണിഭക്കേസ്സിലെ കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിക്കും.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ജി. കാർത്തികേയൻ, പി.സി. ജോർജ്, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമ യത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) സ്ക്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: സംസ്ഥാനത്തെ സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരി ക്കണം. കേരളത്തിലെ സ്കൂളുകളിൽ കുട്ടികൾക്ക് പ്രാഥമിക കാര്യങ്ങൾ

നിർവ്വഹിക്കുന്നതിനുള്ള ടോയ്‌ലറ്റ് സൗകര്യങ്ങൾ വളരെ കുറവാണ്. ഉള്ളതുതന്നെ വെള്ളമില്ലാത്തതിനാൽ ശുചിത്വമില്ല. പെൺകുട്ടികൾക്ക് ടോയ്‌ലറ്റ് ഇല്ലാത്തത് ഗുരുതരമായ ആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പ്രസ്തുത വിഷയത്തിൽ ഹൈക്കോടതിവരെ ഇടപെട്ടിട്ടും പരിഹാരമുണ്ടായിട്ടില്ല. കേരളത്തിലെ പന്ത്രണ്ടായിരം സ്കൂളുകളിൽ നാലായിരത്തിലും ആധുനിക മൂത്രപ്പുരകളില്ലാത്ത സ്ഥിതിയാണുള്ളത്. ഒരു ഡസനോളം സ്കൂളുകളിൽ ഒറ്റ ടോയ്‌ലറ്റ് പോലുമില്ല. തലസ്ഥാന നഗരിയിലെ ഫോർട്ട് സ്കൂളിൽ ഒരു ടോയ്‌ലറ്റുപോലുമില്ല. വിദേശ രാജ്യങ്ങളിൽ 15 കുട്ടികൾക്ക് ഒരു ടോയ്‌ലറ്റ് വീതമുണ്ട്. സ്കൂളുകളിൽ വെള്ളം ഇല്ലാത്തിടത്ത് കുഴൽക്കിണർ സംവിധാനം ഏർപ്പെടുത്തണം. ത്രിതല പഞ്ചായത്തുകളേയും പി.ടി.എ.-കളേയും സമന്വയിപ്പിച്ച് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.

വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സംസ്ഥാനത്ത് എല്ലാ ഗവൺമെന്റ്/എയിഡഡ് സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുന്നതിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് 120 കുട്ടികൾക്ക് ഒരു കക്കൂസ്, 40 കുട്ടികൾക്ക് ഒരു മൂത്രപ്പുര, ജലലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. ഇതനുസരിച്ച് കേരളത്തിൽ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ആകെ 37334 കക്കൂസും 97112 മൂത്രപ്പുരയും ആവശ്യമാണ്. ഇതിൽ 34833 കക്കൂസുകളുടേയും 81474 മൂത്രപ്പുരയുടേയും നിർമ്മാണം പൂർത്തീകരിക്കുകയും 628 കക്കൂസുകളുടേയും 3597 മൂത്രപ്പുരകളുടേയും നിർമ്മാണം നടന്നുവരികയുമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം

എത്രയുംവേഗം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ സർവ്വശിക്ഷാ അഭിയാൻ വഴി ഇതുവരെ 6335 ഗേൾസ് ടോയ്‌ലറ്റിന്റേയും 9494 മൂത്രപ്പുരയുടേയും 8385 കുടിവെള്ള സൗകര്യങ്ങളുടേയും പണി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 926 മൂത്രപ്പുരയുടേയും 1715 കുടിവെള്ള സൗകര്യത്തിന്റേയും പണി പുരോഗമിക്കുകയും ചെയ്യുന്നു. ഇത് മാർച്ച് മാസത്തിനു മുമ്പുതന്നെ പൂർത്തീകരിക്കുന്നതാണ്. പാലോളി മുഹമ്മദ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ 284 സർക്കാർ വിദ്യാലയങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തിക്കൊണ്ട് 726 ലക്ഷം രൂപ ചെലവിൽ 305 പെൺകുട്ടി സൗഹൃദ കക്കൂസുകളും 536 മൂത്രപ്പുരകളും നിർമ്മിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, എം.പി./എം.എൽ.എ. ഫണ്ടുകൾ, ആരോഗ്യ വകുപ്പിന്റെ ഫണ്ടുകൾ ഇവയെല്ലാം ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്. റവന്യൂവകുപ്പുമായി സഹകരിച്ച് സുനാമി ഫണ്ട് ഉപയോഗിച്ച് 1250 സ്കൂളുകളിൽ രണ്ട് മുതൽ അഞ്ച് വരെ ടോയ്‌ലറ്റുകൾ നിർമ്മിക്കാനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളും അദ്ധ്യാപക രക്ഷാകർതൃ സമിതികളും ശ്രദ്ധിച്ചാൽ സ്കൂളുകളിലുള്ള സൗകര്യങ്ങൾ വൃത്തിയായി ഉപയോഗിക്കാൻ കഴിയും. ഡി.ഡി.-മാരുടേയും ഡി.ഇ.ഒ-മാരുടേയും സഹായത്തോടുകൂടി സ്കൂളുകളിലെ സൗകര്യം, കുടിവെള്ള ലഭ്യത എന്നിവയെക്കുറിച്ച് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം ഫോർട്ട് സ്കൂൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(2) ശബരിമല മാസ്റ്റർ പ്ലാനും അനുബന്ധ പദ്ധതികളും നടപ്പിലാക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം : ശബരിമലയിൽ ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള ശബരിമല മാസ്റ്റർ പ്ലാനിന്റെ ചെറിയ ഭാഗത്തിന് മാത്രമാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയത്. അടിസ്ഥാന സൗകര്യവികസനത്തിന് 1200 ഏക്കർ സ്ഥലം ആവശ്യപ്പെട്ടപ്പോൾ കേന്ദ്ര സർക്കാർ പമ്പയിലും സന്നിധാനത്തുമായി നൽകിയ 12 ഏക്കറിൽ മിക്കതും കാനനപാതയാണ്. അടിക്കാട് വെട്ടാനും പാർക്കിംഗിനും മകരവിളക്ക്, മകരജ്യോതി ദർശനത്തിനും സൗകര്യപ്രദമായ സ്ഥലം ലഭിക്കുക തുടങ്ങി മാസ്റ്റർ പ്ലാൻ പൂർണ്ണമായും അംഗീകരിച്ച് നടപ്പാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിനെ സമീപിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണം. മാസ്റ്റർ പ്ലാൻ നടപ്പാക്കാനാവശ്യമായ 100 കോടി രൂപ ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാക്കണം. പമ്പയിലും സന്നിധാനത്തും രണ്ട് പുതിയ മലിനീകരണ പ്ലാന്റുകൾ നിർമ്മിക്കാനും എരുമേലിയുമായി ബന്ധപ്പെടുത്തി മെഡിക്കൽ കോളേജ് സ്ഥാപിക്കാനും നിലയ്ക്കൽ ബസ് സ്റ്റേഷൻ വിപുലപ്പെടുത്താനും പാർക്കിംഗ് സൗകര്യമുണ്ടാക്കാനും നടപടിയുണ്ടാകണം. ഹാരിസൺ മലയാളം പ്ലാന്റേഷനിൽനിന്ന് 500 ഏക്കർ സ്ഥലം അടിയന്തിരമായും വീണ്ടെടുക്കണം. കുടിവെള്ള ക്ഷാമം പരിഹരിക്കാൻ മേജർ കുടിവെള്ള പദ്ധതികൾക്കുള്ള അംഗീകാരം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ നടപ്പാക്കണം. ഇടത്താവളങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ നിർമ്മിക്കണം. കക്കൂസുകളിലെ മാലിന്യം പമ്പയാറ്റിലേയ്ക്ക് പമ്പ് ചെയ്യുന്നത് നിർത്തിവയ്ക്കണം. ഹിൽ ടോപ്പ് റോഡുകൾ

വികസിപ്പിക്കാനും ഹൈക്കോടതി പറഞ്ഞ 17 റോഡുകൾ ഹെവി മെയിന്റ നൻസ് പദ്ധതിയിൽപ്പെടുത്താനും നടപടി സ്വീകരിക്കണം. ഇക്കാര്യങ്ങ ളെക്കുറിച്ച് ചർച്ച ചെയ്യാൻ 2011 ഫെബ്രുവരിയിൽത്തന്നെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതലയോഗം വിളിച്ചുകൂട്ടണം.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): വിപുലവും സമഗ്രവുമായ വികസന നിർദ്ദേശങ്ങൾ അടങ്ങിയി ട്ടുള്ള ശബരിമല മാസ്റ്റർ പ്ലാൻ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടു മാത്രമേ മാസ്റ്റർപ്ലാൻ നിർവ്വഹണം ഫലപ്രദമായി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ ചെയർമാനും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, മെമ്പർമാർ, ദേവസ്വം ബോർഡ് ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (കെ.എസ്.ഇ.ബി.), പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ശബരിമല മാസ്റ്റർപ്ലാൻ തയ്യാറാക്കിയ ഇക്കോസ്മാർട്ടിന്റെ ഒരു പ്രതിനിധി എന്നിവർ അംഗങ്ങളായും ഹൈക്കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ മേൽനോട്ടത്തിൽ മാസ്റ്റർ പ്ലാനിൽപ്പറയുന്ന പ്രവർത്തികൾ അടിയന്തിരപ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നുണ്ട്. നിലയ്ക്കലിലും പമ്പയിലും വിശ്രമ പന്തലുകൾ, നിലയ്ക്കലിൽ 400 ലാട്രിനുകൾ, പമ്പയിൽ 160 പുതിയ ലാട്രിൻ ബ്ലോക്കുകൾ, ശബരിമല യിൽ 320 ലാട്രിനുകൾ, 80 കുളിമുറികൾ, നിലയ്ക്കലിലും പമ്പയിലും ഇൻസിനറേറ്ററുകൾ, കുടിവെള്ള സംഭരണികൾ, അപ്പാച്ചിമേട്ടിലും നീലിമല യിലും കാർഡിയോളജി സെന്ററുകൾ, അപ്പാച്ചിമേട്ടിൽ വിശ്രമകേന്ദ്രം, പാർക്കിംഗ് ഗ്രൗണ്ടുകൾ, 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള 2 വാട്ടർ

ടാങ്കുകൾ, ഖരമാലിന്യങ്ങൾ ശേഖരിച്ചു വേർതിരിക്കുന്നതിനായി ഷെഡ്ഡുകൾ, ചന്ദ്രാനന്ദൻ റോഡ് വീതികൂട്ടൽ, സംരക്ഷണ ഭിത്തി നിർമ്മാണം എന്നിവ നിർമ്മാണം പൂർത്തീകരിച്ചതുകൂടാതെ സന്നിധാനത്തുനിന്നും മാളികപ്പുറത്തേക്കുള്ള ഫ്ളൈ ഓവറിനു മുകളിൽ മേൽക്കൂര, നിലയ്ക്കലിൽ ഉദ്യോഗസ്ഥർക്ക് താമസത്തിനായി 3 ബഹുനില കെട്ടിടങ്ങൾ, അപ്പാച്ചിമേട്-നീലിമല ഭാഗത്ത് 4 സ്ഥലങ്ങളിൽ മേൽക്കൂര എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, പ്രസാദം കോംപ്ലക്സ്, ക്യൂ കോംപ്ലക്സ്, റോപ്പ്വേ, അന്നദാനമണ്ഡപം, നിലയ്ക്കൽ ശബരി ഭവനുകളുടെ നിർമ്മാണം, പാർക്കിംഗ് ഏരിയ, നിലയ്ക്കൽ ചെക്ക് ഡാം, നിലയ്ക്കൽ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം, പമ്പയിൽ സർവ്വീസ് റോഡ്, നടപ്പാതയുടെ മേൽക്കൂര, നിലയ്ക്കലിൽ കുടിവെള്ള സംഭരണ ടാങ്ക് തുടങ്ങി ഇനി ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ഏകദേശം 122.5 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. പുല്ലുമേട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ശബരിമല തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് മുഖ്യമന്ത്രി വിളിച്ചുചേർത്ത 28-01-2011-ലെ യോഗത്തിൽ ചന്ദ്രശേഖര മേനോൻ കമ്മീഷൻ റിപ്പോർട്ടിലേയും മാസ്റ്റർ പ്ലാനിലേയും കാതലായ കാര്യങ്ങൾ പഠിച്ച് സമന്വയാഭിപ്രായം ഉണ്ടാക്കണമെന്ന് നിർദ്ദേശിക്കുകയും അടിയന്തിരമായി ചെയ്തുതീർക്കേണ്ട കാര്യങ്ങളിന്മേൽ തീരുമാനമെടുക്കുന്നതിനായി വൈകാതെ വീണ്ടും യോഗം ചേരുന്നതിന് തീരുമാനിക്കുകയും ചെയ്തു. മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ ത്വരിതപ്പെടുത്താനും അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കാനുമുള്ള സഹായങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്.

ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : ഹൈക്കോടതി ചൂണ്ടിക്കാണിച്ച 17 റോഡുകളുടെ ഹെവി മെയിന്റൻസ് നടത്തുന്നതിന്റെ ഭാഗമായി 52 കിലോമീറ്റർ ദൈർഘ്യമുള്ള മൂന്ന് റോഡുകളുടെ പണി ടെണ്ടർ ചെയ്ത് ഈ ആഴ്ചയിൽത്തന്നെ ആരംഭിക്കുന്നതാണ്.

**സബ്മിഷൻ**

(1) സ്കോളർഷിപ്പ് തുക

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : 2007-08, 2008-09 സാമ്പത്തിക വർഷത്തിൽ പിന്നോക്ക വിഭാഗത്തിൽപ്പെട്ട നിർദ്ധന വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്-പോസ്റ്റ് മെട്രിക് സ്കോളർഷിപ്പായി അനുവദിച്ച 7.25 കോടി രൂപ ലാപ്സായതായി കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ കണ്ടെത്തിയ സാഹചര്യത്തിൽ പ്രസ്തുത തുക ലഭ്യമാക്കാൻ സർക്കാരിന്റെ ഇടപെടൽ ഉണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : പിന്നോക്ക വിഭാഗങ്ങളിലെ നിർദ്ധന വിദ്യാർത്ഥികൾക്ക് പ്ലസ് ടു വരെ 20000 രൂപ, ഡിഗ്രി തലം വരെ 25000 രൂപ, പി.ജി., പോളിടെക്നിക്, പ്രൊഫഷണൽ കോഴ്സുകൾക്ക് 42000 രൂപ എന്നീ വരുമാന പരിധിയിലുള്ളവർക്ക് സംസ്ഥാന സർക്കാർ ഫീസാനുകൂല്യം നൽകുന്നുണ്ട്. ഒ.ബി.സി., ഒ.ഇ.സി., സി.ഇ.ബി.സി. എന്നീ വിഭാഗങ്ങളിലായി 70 കോടിയോളം രൂപ ഈ ഇനത്തിൽ ചെലവഴിക്കു

ന്നതിനുപുറമെ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതിയിൻകീഴിൽ 2007-08, 2008-09 സാമ്പത്തിക വർഷങ്ങളിൽ 7.22 കോടി രൂപയുൾപ്പെടെ ഈ സാമ്പത്തിക വർഷത്തേതടക്കം 10.8 കോടി രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്കോളർഷിപ്പ് തുക ലാപ്സാകുന്നതല്ല, എന്നാൽ എല്ലാ ഒ.ബി.സി. വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് അനുവദിക്കാൻ ഈ തുക അപര്യാപ്തവുമാണ്. സ്കോളർഷിപ്പ് അനുവദിക്കുന്നതിനാവശ്യമായ 80 കോടി രൂപ അനുവദിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 2009-10 സാമ്പത്തിക വർഷത്തിൽ കേവലം 3.9 കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് പ്രതിമാസം 90 രൂപ നിരക്കിൽ പത്ത് മാസത്തേയ്ക്ക് 900 രൂപ നൽകുന്നതിനുള്ള പദ്ധതിപ്രകാരം ഇതുവരെ ലഭിച്ച 10.8 കോടി രൂപയും ഈ വർഷംതന്നെ ചെലവഴിക്കുന്നതാണ്. സ്കോളർഷിപ്പ് തുക ലാപ്സായി എന്ന ആക്ഷേപവും വിദ്യാർത്ഥികൾക്ക് ആനുകൂല്യം നഷ്ടമായി എന്ന ആരോപണവും ശരിയല്ല.

(2) <u>ട്രെയിൻ യാത്രയിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി</u>

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ:</u> കൊച്ചി-ഷൊർണ്ണൂർ പാസഞ്ചർ ട്രെയിൻ യാത്രയ്ക്കിടയിൽ ഒറ്റയ്ക്ക് ഒരു കമ്പാർട്ടുമെന്റിൽ യാത്ര ചെയ്യേണ്ടി വന്ന യുവതി തമിഴ്നാട് സ്വദേശിയുടെ പീഡനത്തെത്തുടർന്ന് മരണപ്പെട്ട സാഹചര്യത്തിൽ ട്രെയിൻ യാത്രയിൽ സ്ത്രീകളുടെ സുരക്ഷിതത്വത്തിനായി കർശനമായ നടപടികൾ സ്വീകരിക്കുന്നതിനും ട്രെയിനിലെ വനിതാ കമ്പാർട്ടുമെന്റ് മധ്യഭാഗത്തായി സുരക്ഷിതമായ സ്ഥാനത്ത് പുന:സ്ഥാപിക്കുന്നതിനും

എല്ലാ റെയിൽവേ കമ്പാർട്ടുമെന്റുകളിലും പ്രത്യേകിച്ച് വനിതാ കമ്പാർട്ടുമെന്റുകളിൽ കാവൽ ഏർപ്പെടുത്തുന്നതിനും മൊബൈൽ ഫോൺ വഴി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ അപകടത്തെക്കുറിച്ച് അറിയിക്കാൻ റെഡ് അലെർട്ട് സംവിധാനം പുന:സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. മരണപ്പെട്ട യുവതിയുടെ കുടുംബത്തെ സഹായിക്കാൻ സംസ്ഥാന സർക്കാരും ഇൻഡ്യൻ റെയിൽവേയും തയ്യാറാകണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കൊച്ചി-ഷൊർണ്ണൂർ പാസഞ്ചറിലെ യാത്രയ്ക്കിടയിൽ ഷൊർണ്ണൂർ മഞ്ഞക്കാട് സ്വദേശിനി സൗമ്യയെ രാത്രി 8.30 മണിയോടുകൂടി ട്രെയിൻ വള്ളത്തോൾ നഗർ വിട്ടശേഷം വികലാംഗനായ തമിഴ്നാട് സ്വദേശി ആക്രമിച്ച് ചെറുതുരുത്തി കലാമണ്ഡലത്തിനു സമീപമുള്ള റെയിൽവേ ട്രാക്കിൽ ഉപേക്ഷിക്കുകയുണ്ടായി. ഒരു യുവതിയും പുരുഷനും ട്രെയിനിൽ നിന്ന് ചാടിയെന്ന ഗാർഡിന്റെ അറിയിപ്പനുസരിച്ച് ചെറുതുരുത്തി പോലീസും റെയിൽവേ പോലീസും അന്വേഷണം നടത്തുകയും ചെറുതുരുത്തി കലാമണ്ഡലത്തിനു സമീപമുള്ള റെയിൽവേ ട്രാക്കിൽ നിന്നും പരിക്കേറ്റ പെൺകുട്ടിയെ കണ്ടെത്തുകയും ചികിത്സയ്ക്കായി തൃശ്ശൂർ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് ചെറുതുരുത്തി പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നാല് സ്ക്വാഡുകൾ രൂപീകരിച്ച് പ്രതിക്കായി വ്യാപകമായ തിരച്ചിൽ നടത്തുകയും അന്നേദിവസം രാത്രി പ്രതിയെ പാലക്കാട് നിന്നും പിടികൂടുകയും ചെയ്തു. കേസ്സിന്റെ അന്വേഷണം ചേലക്കര പോലീസ് സർക്കിൾ ഇൻസ്പെക്ടർ

നടത്തി വരുന്നതിനിടയിൽ സൗമ്യ 6-2-2011-ന് മരണപ്പെടുകയുണ്ടായി. കേന്ദ്ര റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിനേയും കേരളാ റെയിൽവേ പോലീസിനേയുമാണ് ട്രെയിനുകളുടേയും യാത്രക്കാരുടേയും സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുള്ളത്. റെയിൽവേ, സർക്കാരിന്റെ അധീനതയിലുള്ള കേരളാ റെയിൽവേ പോലീസിന്റെ ശമ്പളം അടക്കം അമ്പത് ശതമാനം ചെലവ് വഹിക്കുന്ന പശ്ചാത്തലത്തിൽ ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും നാളിതുവരെ നൽകിയിട്ടില്ലാത്ത സാഹചര്യത്തിലാണ് കേരളാ പോലീസ് ആസ്ഥാനത്തുനിന്നും വർക്കിംഗ് അറേഞ്ചുമെന്റിൽ 56 വനിതാ പോലീസുകാരെ സംസ്ഥാന സർക്കാർ അനുവദിച്ചത്. നിലവിലുള്ള വനിതാ പോലീസുകാരെ ലേഡീസ് കമ്പാർട്ടുമെന്റിൽ സുരക്ഷയ്ക്കായി നിയോഗിക്കുകയും കൂടാതെ ട്രെയിനിൽ ഡ്യൂട്ടിക്കായി നിയോഗിച്ച പോലീസുകാരെ വനിതാ കമ്പാർട്ടുമെന്റിൽ കയറി പരിശോധിക്കാനും യാത്രാവേളയിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ റെയിൽവേ അലെർട്ടിൽ അറിയിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. ഈ സംഭവത്തിൽ റെയിൽവേ വകുപ്പുമായി ബന്ധപ്പെട്ട് റെയിൽ സുരക്ഷിതത്വത്തിനുവേണ്ടി കൂടുതൽ സേനയെ അനുവദിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെടുന്നതാണ്. റെയിൽവേ ഉദ്യോഗസ്ഥരുടേയും പോലീസിന്റേയും യോഗം വിളിച്ചുകൂട്ടാൻ ഹോം സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും റെയിൽ സുരക്ഷയും സ്ത്രീകളുടെ സുരക്ഷയും ഉറപ്പുവരുത്താൻ റെയിൽവേയുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മരണപ്പെട്ട യുവതിയുടെ കുടുംബത്തിന് റെയിൽവേ മന്ത്രി അടിയന്തിരമായി മൂന്നുലക്ഷം രൂപയുടെ ധനസഹായം പ്രഖ്യാപിച്ച പശ്ചാത്ത

ലത്തിൽ സംസ്ഥാന സർക്കാർ കൂടുതൽ സഹായം നൽകുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പ്രതിയെ പിടികൂടാൻ പോലീസിന്റെ ഭാഗത്തുനിന്നും കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മരണപ്പെട്ട യുവതിയുടെ കുടുംബത്തിന് അടിയന്തിരസഹായം ചെയ്തിട്ടുണ്ട്. മരണപ്പെട്ട യുവതിയുടെ കുടുംബത്തിന് റെയിൽവേ ധനസഹായം പ്രഖ്യാപിച്ചെങ്കിലും യാതൊരു തരത്തിലുള്ള അന്വേഷണവും ഉണ്ടായിട്ടില്ല. മന്ത്രിസഭായോഗം ചേർന്ന് ആ കുടുംബത്തെ സഹായിക്കാനുള്ള കാര്യങ്ങൾ ചർച്ച ചെയ്യാം. റെയിൽവേയെക്കൊണ്ട് കൂടുതൽ സഹായം ചെയ്യിപ്പിക്കുന്ന കാര്യങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യുന്നതാണ്.

(3) മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ്

ശ്രീ. പി. വിശ്വൻ മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് പ്രകാരം ലഭിക്കുന്ന മണ്ണെണ്ണ അപര്യാപ്തമായതിനാൽ സബ്സിഡി നിരക്കിൽ മണ്ണെണ്ണ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കേന്ദ്ര സർക്കാർ അനുവദിക്കുന്ന മണ്ണെണ്ണ ഗാർഹിക പാചക ആവശ്യത്തിനും വിളക്ക് കത്തിക്കുന്നതിനും മാത്രമേ ഉപയോഗിക്കാവൂയെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന മണ്ണെണ്ണയിൽ നിശ്ചിത അളവ് മൽസ്യബന്ധനത്തിനായി അനുവദിച്ചിരുന്നു. കേന്ദ്രം നൽകിയിരുന്ന മണ്ണെണ്ണയിൽ 2010 ഏപ്രിൽ മാസത്തോടെ കുറവ് വരുത്തിയതിനാൽ നിർദ്ദിഷ്ട അളവിൽ വിതരണം ചെയ്യാൻ കഴിയാതെ

വരുന്നുണ്ട്. ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഗാർഹിക എൽ.പി.ജി. കണക്ഷനും വൈദ്യുതീകരിച്ച വീടുകളുടെ എണ്ണവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരേ ആവശ്യത്തിന് രണ്ടു തരത്തിൽ സബ്സിഡി അനുവദിക്കാൻ നിർവ്വാഹമില്ല എന്ന മറുപടിയാണ് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നത്. ഇക്കാര്യം ഭക്ഷ്യവകുപ്പുമന്ത്രിയും ഫിഷറീസ് വകുപ്പുമന്ത്രിയും സംഘടനാ പ്രതിനിധികളുമായി വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. എൽ.പി.ജി. ഉപയോഗിക്കാനാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാർ പൂർണ്ണമായ തോതിൽ മണ്ണെണ്ണ ലഭ്യമാക്കുകയാണെങ്കിൽ മൽസ്യത്തൊഴിലാളികൾക്ക് പുതിയ മണ്ണെണ്ണ പെർമിറ്റുകൾ വിതരണം ചെയ്യാൻ സാധിക്കും. നോൺ-പി.ഡി.എസ്. മണ്ണെണ്ണ ലഭ്യമാക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചു വരികയാണ്.

### (4) <u>ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ടുള്ള ഹൈക്കോടതി നിർദ്ദേശം</u>

<u>ശ്രീ. വി. ശിവൻകുട്ടി:</u> തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിൽപ്പെട്ട 18 കോർപ്പറേഷൻ വാർഡുകളിലാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഇതിന് സംസ്ഥാന സർക്കാരും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും എല്ലാവിധ പിന്തുണയും നൽകുന്നുണ്ട്. ഇപ്പോൾ ആറ്റുകാൽ പൊങ്കാലുമായി ബന്ധപ്പെട്ട് കോടതിയിൽ ഒരു വ്യക്തി പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ റോഡുകളിൽ ബ്ലോക്ക് ഉണ്ടാകാൻ പാടില്ലെന്നും അത് സംബന്ധിച്ച് ഉറപ്പ് വരുത്തണമെന്നും കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ആവശ്യമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ട്രാഫിക് തടസ്സമുണ്ടാകാതിരിക്കാൻ കളിസ്ഥലങ്ങളിലോ സ്റ്റേഡിയത്തിലോ പൊങ്കാല ഇടണമെന്നും പൊങ്കാലയിടുന്ന സ്ത്രീകൾക്കും നാട്ടുകാർക്കും അപകടം സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും കോടതിയിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പൊതുനിരത്തുകൾ ഉൽസവത്തോടനുബന്ധിച്ച് തടസ്സപ്പെടുത്തുവാൻ പാടില്ലെന്ന് കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും ഡി.ജി.പി.-യും ആറ്റുകാൽ ട്രസ്റ്റും ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദമായ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കോടതിയിൽ സമർപ്പിക്കുന്നതാണ്. ആറ്റുകാൽ പൊങ്കാല മഹോൽസവത്തിന്റെ സുഗമമായ നടത്തിപ്പിന് പോലീസ്, ഫയർഫോഴ്സ്, കോർപ്പറേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, റസിഡൻസ് അസോസിയേഷനുകൾ, വിവിധ രാഷ്ട്രീയ-സാമൂഹ്യ സംഘടനകൾ എന്നിവയുടെ സഹകരണം സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. പ്രസ്തുത ദിവസം തിരുവനന്തപുരം ജില്ലയ്ക്ക് പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ആംബുലൻസ്, ഫയർ എൻജിനുകൾ എന്നിവ പ്രധാനപ്പെട്ട എല്ലാ സ്ഥലങ്ങളിലും വിന്യസിക്കുന്നതാണ്. ക്ഷേത്ര പരിസരത്ത് പോലീസ് ബന്തവസ്സ് സ്കീം തയ്യാറാക്കിയിട്ടുണ്ട്. ക്ഷേത്രത്തിന്റെ കിഴക്ക്-പടിഞ്ഞാറ് നടകളിൽ പോലീസ് കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നതാണ്. ക്ഷേത്ര പരിസരം, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ് തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ മഫ്തി പോലീസിന്റെ സേവനം ലഭ്യമാക്കുന്നതാണ്. ആഭ്യന്തര മന്ത്രിയുടെ നേതൃത്വത്തിൽ ഇതുമായി ബന്ധപ്പെട്ടവരുടെ ഒരു യോഗം ഇന്ന് ചേരുന്നതാണ്. ജനങ്ങളുടെ പ്രതികരണം കണക്കിലെടുത്തു

മാത്രമേ പൊങ്കാല തുടങ്ങിയ ചടങ്ങുകൾക്ക് നിയന്ത്രണം കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. നിയന്ത്രണങ്ങൾക്കു വിധേയമായും നിയമപരമായ പരിരക്ഷ നൽകിയും ഓരോ സ്ഥലത്തും ഇത്തരം കാര്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് നിയമവകുപ്പ് ഡ്രാഫ്റ്റ് ചെയ്ത ബിൽ പ്രതിപക്ഷം കൂടി സഹകരിക്കുകയാണെങ്കിൽ ഈ സഭാ സമ്മേളനത്തിൽത്തന്നെ അവതരിപ്പിക്കാൻ സർക്കാർ തയ്യാറാണ്.

ശ്രീ. ജി. കാർത്തികേയൻ: ഇതു സംബന്ധിച്ച നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കാവുന്നതാണ്. .

(5) പ്രശാന്തിന്റെ ദുരൂഹമരണം

ശ്രീ. പി. സി. ജോർജ്: തിടനാട് കീന്തനാനിയ്ക്കൽ തങ്കപ്പന്റെ മകൻ പ്രശാന്തിന്റെ കൊലപാതകത്തെക്കുറിച്ച് ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : തിടനാട് കീന്തനാനിയ്ക്കൽ തങ്കപ്പൻ മകൻ 22 വയസ്സുള്ള പ്രശാന്തിന്റെ ദുരൂഹമരണം സംബന്ധിച്ച് പ്രശാന്തിന്റെ അനിയന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ തിടനാട് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും തിടനാട് എസ്.ഐ. നാട്ടുകാരുടേയും പൊതുപ്രവർത്തകരുടേയും സാന്നിദ്ധ്യത്തിൽ പ്രേതവിചാരണ നടത്തി മൃതദേഹം കോട്ടയം മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കുകയും ചെയ്തു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ മരണകാരണം due to head injury എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രശാന്തിന്റെ മരണത്തിൽ സംശയമുണ്ടെന്ന്

കാണിച്ച് മാതാവ് നൽകിയ പരാതിയിന്മേൽ ഈരാറ്റുപേട്ട പോലീസ് അന്വേഷണം നടത്തിവരികയാണ്. ഡിവൈ. എസ്. പി. യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്താൻ നിർദ്ദേശം കൊടുക്കുകയും അതിന്റെ മേൽനോട്ടം വഹിക്കുന്നതിന് കോട്ടയം എസ്.പി.-യെ ചുമതലപ്പെടുത്തുന്നതുമാണ്.

(6) ശശീന്ദ്രന്റെ ദുരൂഹമരണം

ശ്രീ. എം. ചന്ദ്രൻ : മലബാർ സിമന്റ്സ് ജീവനക്കാരനായിരുന്ന വി.ശശീന്ദ്രന്റെയും മക്കളായ വിവേക്, വ്യാസ് എന്നിവരുടേയും മരണം ആത്മഹത്യയല്ല കൊലപാതകമാണെന്ന് ബന്ധുക്കൾ പത്രസമ്മേളനത്തിൽ പറയുകയും സി. ബി. ഐ. അന്വേഷണം ആവശ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ ഇതിന്റെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷണം നടത്തണം. ആത്മഹത്യാ പ്രേരണ, ഭീഷണിപ്പെടുത്തൽ എന്നീ കുറ്റങ്ങൾ ചുമത്തി കോൺട്രാക്ടർ ശ്രീ. വി. എം. രാധാകൃഷ്ണൻ, മലബാർ സിമന്റ്സിന്റെ ഇപ്പോഴത്തെ എം. ഡി. ശ്രീ. വി. സുന്ദരമൂർത്തി, പേഴ്സണൽ സെക്രട്ടറി ശ്രീ. വി. സൂര്യനാരായണൻ എന്നിവർക്കെതിരെ കസബ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എം.ഡി.-യേയും പേഴ്സണൽ സെക്രട്ടറിയേയും കമ്പനിയിൽനിന്നും പുറത്താക്കുന്നതിനും കേസന്വേഷണം പൂർത്തിയാക്കി സംഭവത്തെക്കുറിച്ചുള്ള ദുരൂഹത അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പാലക്കാട് ജില്ലയിൽ പുതുശ്ശേരി കുരുടിക്കാട് ജവഹർ നഗർ കോളനിയിൽ താമസക്കാരനും മലബാർ സിമന്റ്സ് കമ്പനിയിലെ മുൻ സെക്രട്ടറിയുമായ വി. ശശീന്ദ്രനേയും വിവേക്, വ്യാസ് എന്നീ രണ്ട് ആൺമക്കളേയും അവർ താമസിച്ചിരുന്ന വീട്ടിൽ തൂങ്ങിമരിച്ച നിലയിൽ

24-01-2011-ന് രാത്രി കാണപ്പെടുകയും ഇക്കാര്യത്തിൽ ശശീന്ദ്രന്റെ സഹോദരനായ രവീന്ദ്രന്റെ പരാതിപ്രകാരം കസബ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. കസബ പോലീസ് സ്റ്റേഷനിലെ സി. ഐ.-യുടെ മേൽനോട്ടത്തിൽ ഇൻക്വസ്റ്റ് പൂർത്തിയാക്കിയശേഷം മൃതദേഹങ്ങൾ പാലക്കാട് ജില്ലാ ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് വിധേയമാക്കി. കേസ്സിന്റെ പ്രാഥമികാന്വേഷണം കസബ പോലീസ് സർക്കിൾ ഇൻസ്പെക്ടർ നടത്തുകയും തുടർന്ന് പാലക്കാട് ജില്ലാ പോലീസ് സൂപ്രണ്ടിന്റെ ഉത്തരവു പ്രകാരം പാലക്കാട് ഡി.സി.ആർ.ബി. ഡിവൈ. എസ്. പി. ഈ കേസ്സിന്റെ അന്വേഷണം ഏറ്റെടുക്കുകയും ചെയ്തു. ഫിംഗർ പ്രിന്റ് ബ്യൂറോ, ഫോറൻസിക് സയൻസ് തുടങ്ങിയ വിഭാഗങ്ങളെക്കൊണ്ട് തെളിവെടുപ്പ് നടത്തുകയും പോലീസ് നായയുടെ സേവനം ഉപയോഗപ്പെടുത്തുകയും തൊണ്ണൂറ്റിയഞ്ചോളം സാക്ഷികളിൽനിന്നും മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശശീന്ദ്രൻ മലബാർ സിമന്റ്സ് കമ്പനി സെക്രട്ടറി സ്ഥാനത്തുനിന്നും 2010 ഒക്ടോബർ മാസം 4-ാം തീയതി രാജിവച്ചു പിരിഞ്ഞുവെന്നും അതിനുള്ള കാരണം കമ്പനിയിലെ മേലുദ്യോഗസ്ഥനിൽനിന്നുമുണ്ടായ മാനസിക പീഡനങ്ങളാണെന്നും അദ്ദേഹത്തിന് കുടുംബത്തോടെ ആത്മഹത്യ ചെയ്യേണ്ടിവരുമെന്ന് രണ്ടുപ്രാവശ്യം ഫോണിൽക്കൂടി മേലുദ്യോഗസ്ഥൻ ഭീഷണിപ്പെടുത്തിയെന്ന് ശശീന്ദ്രൻ പറഞ്ഞതായും അദ്ദേഹത്തിന്റെ ഭാര്യയുടെ മൊഴിയിൽ പറഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മലബാർ സിമന്റ്സ് കമ്പനി മാനേജിംഗ് ഡയറക്ടർ, പേഴ്സണൽ സെക്രട്ടറി സൂര്യനാരായണൻ, കോൺട്രാക്ടർ രാധാകൃഷ്ണൻ എന്നിവരെ പ്രതിയാക്കി കസബ പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ട്

കേസ്സുകളും പാലക്കാട് ഡി.സി.ആർ.ബി. ഡിവൈ.എസ്.പി.-യുടെ നേതൃത്വ ത്തിലാണ് അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. ഇത് സംബന്ധിച്ച് പല തരത്തിലുള്ള വിവാദങ്ങളും പ്രശ്നങ്ങളും ഉയർന്നുവന്ന സാഹചര്യത്തിൽ കേസ്സന്വേഷണം സി. ബി. ഐ.-യ്ക്ക് കൈമാറുന്നതാണ്.

(7) ബി.എ. മലയാളം കോഴ്സ് ആരംഭിക്കാൻ നടപടി

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ബി.എ. മലയാളം കോഴ്സും മറ്റ് കോഴ്സുകളും ഈ വർഷം തന്നെ ആരം ഭിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കാസർഗോഡ് ഗവൺമെന്റ് കോളേജിൽ ബി.എ. മലയാളം കോഴ്സും മറ്റ് കോഴ്സുകളും ആരംഭിക്കുന്നതു സംബന്ധിച്ച വിജ്ഞാപനം ഉടൻതന്നെയുണ്ടാകുന്നതാണ്.

(8) സി. കേശവൻ സ്മാരക മന്ദിരം

ശ്രീ. എ.എ. അസീസ്: മയ്യനാട്ടുള്ള സി. കേശവൻ സ്മാരക മന്ദിരം സാംസ്ക്കാരിക വകുപ്പ് ഏറ്റെടുത്തു പ്രവർത്തിപ്പിക്കുന്നതിനും അറ്റകുറ്റപ്പ ണികൾക്കായി ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): മയ്യനാട്ടുള്ള സി. കേശവൻ സ്മാരക മന്ദിരം പ്രവർത്തനക്ഷമമാ ക്കുന്നതിന് ബന്ധപ്പെട്ടവരുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്ന തോടൊപ്പം ആവശ്യമായ ഫണ്ടും സാംസ്ക്കാരിക വകുപ്പ് നൽകുന്നതാണ്.

(9) <u>തീപിടുത്തത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം</u>

<u>ശ്രീ. എം. ഹംസ</u>: 1-2-2011-ന് ഒറ്റപ്പാലം താലൂക്കിൽ ത്രാങ്ങാലിയിൽ പടക്ക നിർമ്മാണശാലയിലുണ്ടായ തീപിടുത്തത്തിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാരിക്കാൻ ഉത്സവ രക്ഷാപ്രവർത്തനങ്ങൾക്കാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ഈ അപകടത്തിൽ മരിച്ചവരുടെ കുട്ടികളുടെ പരിരക്ഷയ്ക്കായി ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതിനും നടപടി സ്വീകരിക്കണം. സ്ഫോടനത്തിൽ പരിക്ക് പറ്റിയ ഉത്തരേന്ത്യക്കാരനായ റെയിൽ യാത്രക്കാരന് റെയിൽവേയുടെ സഹായം ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>: ഒറ്റപ്പാലം താലൂക്കിലെ ത്രാങ്ങാലിയിൽ പടക്ക നിർമ്മാണ ശാലയിലുണ്ടായ അപകടത്തിൽ 12 പേർ മരിക്കുകയും പരിക്കേറ്റ് 4 പേരെ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ അപകടത്തിൽ പരിക്കേറ്റ ഉത്തർ പ്രദേശ് സ്വദേശിയായ റെയിൽ യാത്രക്കാരന്റെ നില അതീവ ഗുരുതരമാണ്. അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന പടക്ക നിർമ്മാണശാലയുടെ ഉടമസ്ഥനൊഴികെയുള്ളവർക്ക് 50,000 രൂപ വീതവും സർക്കാർ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. പടക്കനിർമ്മാണശാലയ്ക്ക് 31-3-2007 വരെ മാത്രമേ ലൈസൻസ് ഉണ്ടായിരുന്നുള്ളുവെന്നും ലൈസൻസ്പ്രകാരം അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളിലല്ല അപകടം നടന്നതെന്നും വ്യക്തമായിട്ടുണ്ട്. എക്സ്പ്ലോസീവ് ആക്ട് പ്രകാര

മുള്ള ഒന്നിലധികം കേസുകളിൽ പടക്ക നിർമ്മാണശാലയുടെ ഉടമ പ്രതിയായതിനാൽ ജില്ലാകളക്ടർ ലൈസൻസിനുള്ള അപേക്ഷ നിരസിച്ചിരുന്നു. ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷയും നിരസിക്കുകയുണ്ടായി. എക്സ്പ്ലോസീവ് ആക്ട് പ്രകാരം അപകടത്തെക്കുറിച്ച് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ഒറ്റപ്പാലം ആർ.ഡി.ഒ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് അന്വേഷണം നടത്തി രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കുവാൻ 2-2-2011-ന് ചേർന്ന മന്ത്രിസഭായോഗം അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപകട മരണം നടന്ന ദിവസം തന്നെ കുടുംബാംഗങ്ങൾക്ക് പതിനായിരം രൂപ വീതം സഹായധനം നൽകിയിട്ടുണ്ട്. ഉത്തർപ്രദേശുകാരനായ ട്രെയിൻ യാത്രക്കാരന്റെ കുടുംബാംഗങ്ങൾക്ക് ആവശ്യമായ ഡോർമെറ്ററി സൗകര്യവും ധനസഹായവും നൽകിയിട്ടുണ്ട്. കൂടുതൽ ധനസഹായം നൽകുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണ്. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ട് കിട്ടുന്നതിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(10) <u>വൈക്കത്ത് കരമണൽ ഖനനം പുന:സ്ഥാപിക്കാൻ നടപടി</u>

<u>ശ്രീ. കെ. അജിത്</u>: വൈക്കം താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ കരമണൽ ഖനന നിരോധനം ഏർപ്പെടുത്തിയത് ഈ മേഖലയിൽ പണിയെടുക്കുന്ന പതിനായിരത്തോളം തൊഴിലാളികളെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. കരമണൽ ഖനനത്തിനും പാറ പൊട്ടിക്കലിനും ഒരേ നിയമമാണ് നിലവിലുള്ളതെങ്കിലും കരമണൽ ഖനനം നിരോധിച്ചിരിക്കുകയാണ്. കരമണൽ ഖനനം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): വൈക്കം താലൂക്കിലെ കരമണൽ ഖനനം സംബന്ധിച്ച് ധാരാളം പരാതികൾ ലഭിച്ചിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് വൈക്കം താലൂക്കിന് നൽകിയ കരമണൽ ഖനനത്തിന്റെ പാസ് വേർഡ് ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച് വിജിലൻസ് വകുപ്പ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പുകളുടെ സംയുക്ത യോഗത്തിൽ സൈറ്റുകളുടെ പുന:പരിശോധന പൂർത്തിയാകുന്നതുവരെ ഖനനം നിർത്തി വയ്ക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് റദ്ദ് ചെയ്യൽ ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ലൈസൻസും പാസ് വേർഡും ദുരുപയോഗം ചെയ്യുന്നു എന്ന് കണ്ടതുകൊണ്ടാണ് മിക്കതും റദ്ദ് ചെയ്തത്. ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി ചർച്ചചെയ്ത് നിയമവിധേയമായവ തുടർന്ന് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(11) ആരോഗ്യവകുപ്പിലെ ഫീൽഡ് സ്റ്റാഫ് ജീവനക്കാരുടെ സമരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അടിസ്ഥാന ശമ്പളം യോഗ്യതകൾക്കനുസരിച്ച് മാറ്റുക, പ്രൊമോഷൻ പോസ്റ്റുകൾ ആനുപാതികമായി അനുവദിക്കുക തുടങ്ങിയ ഒൻപതാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിലെ അനോമലികൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് 8-2-2011-ന് കാഷ്വൽ ലീവെടുത്ത് പ്രതിഷേധിക്കാൻ തീരുമാനിച്ചിരിക്കുന്ന ആരോഗ്യവകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്ക് ഡയസ്നോൺ ബാധകമാക്കാനുള്ള തീരുമാനത്തിൽനിന്ന് ഗവൺമെന്റ് പിന്മാറണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ശമ്പള കമ്മീഷൻ റിപ്പാർട്ടിലെ പരാതികൾ പരിഹരിക്കുന്നതിന് ഒരു മന്ത്രിസഭാ ഉപസമിതിയെ നിയമിക്കുകയും പരാതികൾ അനോമലി കമ്മിറ്റിയുടെ മുന്നിൽ പോകണമെന്ന് നിശ്ചയിക്കുകയും ചെയ്ത സാഹചര്യത്തിൽ ആരോഗ്യ വകുപ്പിലെ ജീവനക്കാർ കൂട്ടമായി അവധിയിൽ പ്രവേശിക്കുകയോ പ്രക്ഷോഭത്തിന് നേതൃത്വം കൊടുക്കുകയോ ചെയ്യുന്നത് ശരിയല്ല. ഇക്കാര്യത്തിൽ ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

### ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. പി. ജയരാജൻ : ''2011 ഫെബ്രുവരി 04-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു'' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി.എൻ. വാസവൻ : പ്രമേയത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി.എൻ. പ്രതാപൻ, കെ.സി. ജോസഫ്, ബി. ബാബു പ്രസാദ്, എ.എ. ഷുക്കൂർ, കെ. ബാബു, എം.എ. വാഹീദ്, ജി. കാർത്തികേയൻ, അബ്ദുറഹിമാൻ രണ്ടത്താണി, എം.ഉമ്മർ, ജോസഫ് എം. പുതുശ്ശേരി, തോമസ് ചാഴികാടൻ എന്നീ അംഗങ്ങൾ നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

ശ്രീ. പി. ജയരാജൻ : കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളിൽനിന്നും വ്യത്യസ്തമായ നയമാണ് കേരള സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. രാജ്യത്താകമാനം പണപ്പെരുപ്പവും ഭക്ഷ്യസാധനങ്ങൾക്ക് വിലക്കയറ്റവും ഉണ്ടായിട്ടും കഴിഞ്ഞ നാലര വർഷമായി എല്ലാ അവശ്യസാധനങ്ങളും ന്യായവിലയ്ക്ക് വിതരണം ചെയ്യുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. ഭക്ഷ്യധാന്യങ്ങളുടെ വില തുടർന്നും നിയന്ത്രിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള മാവേലി സ്റ്റോറുകൾ കൂടാതെ എല്ലാ ന്യായവില ഷോപ്പുകളിലൂടെയും 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ ഘട്ടംഘട്ടമായി വിതരണം ചെയ്യുമെന്നാണ് ഗവർണ്ണർ പ്രഖ്യാപിച്ചിരിക്കുന്നത്. റേഷനിംഗ് സമ്പ്രദായം കേവലം 11 ലക്ഷം ആളുകൾക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട്. രണ്ട് രൂപയ്ക്ക് ഒരു കിലോ അരി നൽകുന്ന പദ്ധതിയുടെ പ്രയോജനം 40 ലക്ഷം ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടിക ളാണ് സ്വീകരിച്ചുവരുന്നത്. വിലക്കയറ്റത്തിന് ആശ്വാസം നൽകുന്ന നടപ ടികൾ ബഡ്ജറ്റിൽ ഉണ്ടാകുമെന്ന് നയപ്രഖ്യാപനത്തിൽ ഉറപ്പു നൽകു ന്നുണ്ട്. പാവപ്പെട്ടവരുടേയും ശതകോടീശ്വരന്മാരുടേയും എണ്ണത്തിൽ വൻ വർദ്ധനവാണ് ഇന്ത്യയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ യാതൊരു നടപടിയും കേന്ദ്ര സർക്കാർ സ്വീകരിക്കുന്നില്ല. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലനിയന്ത്രണ സംവിധാനം എടുത്തുകളയുക മാത്രമല്ല റെയിൽവേ കടത്തുകൂലി വർദ്ധിപ്പി ക്കുകയും ചെയ്തു. ചെറുകിട വ്യാപാര രംഗം പൂർണ്ണമായും ബഹുരാഷ്ട്ര കുത്തകകൾക്ക് തുറന്നുകൊടുക്കുകയാണ് കേന്ദ്രം ചെയ്യുന്നത്. 2011-ലെ

സെൻസസിൽ നാളികേര കൃഷിക്കാർ കൃഷിക്കാരല്ലെന്നാണ് രേഖപ്പെടുത്തുന്നത്. ഈ സർക്കാർ കൃഷിക്കാരോടുള്ള പ്രതിബദ്ധത നിറവേറ്റുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ജനാധിപത്യം വിലയ്ക്കെടുക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. 2 ജി സ്പെക്ട്രം, കോമൺവെൽത്ത് ഗെയിംസ്, പ്രതിരോധ ഇടപാടുകൾ, ആദർശ് ഫ്ളാറ്റ് തുടങ്ങി എല്ലാ മേഖലകളിലും വൻ അഴിമതികളാണ് നടന്നത്. ജനാധിപത്യ വ്യവസ്ഥിതിയുടെ അന്ത:സത്ത തകർക്കുന്ന തരത്തിൽ വൻകിട സാമ്പത്തിക കോർപ്പറേറ്റുകൾ രാഷ്ട്രീയ-ഭരണ മേഖലകളിൽ നടത്തുന്ന കടന്നുകയറ്റത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. സംസ്ഥാനത്ത് യു.ഡി.എഫ്.-ന്റെ സ്ഥിതി വളരെ ശോചനീയമാണ്. ഒരു രാഷ്ട്രീയ നേതാവിനെതിരെയും വ്യക്തിഹത്യ നടത്തുകയെന്നത് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ നയമല്ല. കഴിഞ്ഞ യു.ഡി.എഫ്. ഭരണ കാലത്ത് നടന്ന ഐസ്ക്രീം പാർലർ കേസ് പുനരന്വേഷിക്കണം. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള നിയമവിരുദ്ധ കാര്യങ്ങൾ സംബന്ധിച്ച് പ്രതിപക്ഷം വ്യക്തമാക്കണം. രാജ്യാന്തര കുറ്റകൃത്യങ്ങളുടെ അന്വേഷണ ചുമതല സമർത്ഥരായ പോലീസ് ഉദ്യോഗസ്ഥരെ ഏൽപ്പിക്കണം. സംസ്ഥാനത്തിന്റെ ഭാവി വികസനത്തിനുള്ള രൂപരേഖയാണ് ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ കാണാൻ കഴിയുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. ഭരണഘടനാപരമായ ഉത്തരവാദിത്വത്തിനപ്പുറം സർക്കാരിന്റെ നയപ്രഖ്യാപനത്തിന് യാതൊരു പ്രസക്തിയുമില്ല. ലോട്ടറി മാഫിയ, നിയമന തട്ടിപ്പ്, ലാവ്‌ലിൻ കേസ് തുടങ്ങിയവയിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടാനാണ്

ദേശീയരംഗത്തെ അഴിമതിയെപ്പറ്റി പരാമർശിക്കുന്നത്. പഞ്ചായത്ത് തലം മുതൽ ലോക്സഭ വരെ നടന്ന തെരഞ്ഞെടുപ്പുകളിൽ മിക്കതും വിജയിച്ച് ഭരണം കയ്യാളാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വേണ്ടത്ര അവസരം ലഭ്യമായിട്ടും കഴിഞ്ഞ നാലേമുക്കാൽ വർഷക്കാലം മെച്ചപ്പെട്ട ഭരണം കാഴ്ച വയ്ക്കാൻ സാധിച്ചിട്ടില്ല. ഭരണം അവസാനിക്കാൻ പോകുന്ന അവസരത്തിൽ വിഴിഞ്ഞം പദ്ധതി, മൂന്നാറിലെ ഗ്രീൻ ഫീൽഡ് എയർപോർട്ട്, കോറിഡോർ ഇന്റഗ്രേഷൻ പ്രോഗ്രാം, കൊച്ചി മെട്രോ റെയിൽ പദ്ധതി തുടങ്ങിയവ നടപ്പിലാക്കുന്നുവെന്ന സർക്കാരിന്റെ പ്രഖ്യാപനങ്ങൾക്ക് യാതൊരു ക്രെഡിബിലിറ്റിയുമില്ല. സ്മാർട്ട് സിറ്റി കരാർ നീട്ടിക്കൊണ്ടുപോയി സംസ്ഥാനത്തിന് നഷ്ടമുണ്ടാക്കി. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഐ.ടി. മേഖലയിൽ കേരളം പിന്നോക്കമാണ്. കേന്ദ്ര സർക്കാരിന്റെ നേതൃത്വത്തിൽ കേരളത്തിൽ ഭെൽ-ന്റെ ആറാമത്തെ യൂണിറ്റ്, തിരുവനന്തപുരത്ത് പുതിയ എയർപോർട്ട് ടെർമിനൽ, ബ്രഹ്മോസ് സെക്കന്റ് ഫെയ്സ് എന്നിവ ഉൽഘാടനം ചെയ്യാൻ പോകുകയാണ്. മലയോര ഹൈവേയുടെ പൂർത്തീകരണത്തിനായി കഴിഞ്ഞ നാലുവർഷത്തെ ബഡ്ജറ്റിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ശ്രീ. ഉമ്മൻചാണ്ടി നയിക്കുന്ന കേരള മോചനയാത്രയ്ക്ക് പിന്തുണ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ നയപ്രഖ്യാപനം ജനങ്ങളോടും സംസ്ഥാനത്തോടുമുള്ള സർക്കാരിന്റെ പ്രതിബദ്ധത തെളിയിക്കുന്ന ഒന്നാണ്. കഴിഞ്ഞ നാലുവർഷമായി വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോയ എൽ.ഡി.എഫ്. സർക്കാർ തന്നെ വീണ്ടും ഈ സംസ്ഥാനത്തിൽ

അധികാരത്തിൽ വരാൻ പോവുകയാണ്. പ്രതിപക്ഷനേതാവിന്റെ അഭാവത്തിൽ മോചനയാത്രയുടെ നേതൃത്വം മറ്റൊരു നേതാവിനെ ഏൽപ്പിച്ചുകൊടുക്കാൻ കഴിയാത്ത മുന്നണിയായി യു.ഡി.എഫ്. അധ:പതിച്ചിരിക്കുന്നു. അഴിമതിയും മറ്റുമായി നടന്നിരുന്ന മുൻ സർക്കാരിന്റെ വക്താക്കൾ ഇപ്പോൾ അഴിമതിരഹിത മോചനയാത്ര നടത്തുന്നത് വിരോധാഭാസമാണ്. രാജ്യവ്യാപകമായി ഭക്ഷ്യധാന്യ വിലക്കയറ്റം നിയന്ത്രണാതീതമായിരിക്കുകയാണ്. കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ഈ സർക്കാരിനെതിരായി ഒരു അഴിമതി ആരോപണംപോലും ഉന്നയിക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. ജനപക്ഷത്തുനിന്ന് പ്രവർത്തിച്ച ഒരു സർക്കാരാണിത്.

ശ്രീ. തോമസ് ചാഴികാടൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. വിലക്കയറ്റം നിയന്ത്രിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാതെ കാലാവധി അവസാനിക്കുന്ന വേളയിൽ വിലക്കയറ്റം നിയന്ത്രിക്കാൻ സിവിൽ സപ്ലൈസ് വകുപ്പിന് പണം നൽകുമെന്ന പ്രഖ്യാപനം വ്യർത്ഥമാണ്. തരിശു ഭൂമി കൃഷി ഭൂമിയാക്കിയെന്നവകാശപ്പെടുമ്പോഴും സംസ്ഥാനത്ത് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റ് തുക അനുവദിച്ചിട്ടും കുട്ടനാട് പാക്കേജ് നടപ്പാക്കിയില്ല. ഈ ചുരുങ്ങിയ സമയപരിധിക്കുള്ളിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന ഒരു ലക്ഷം സ്ത്രീകൾക്ക് രണ്ട് പെണ്ണാടുകളെ വീതം നൽകുമെന്ന പ്രഖ്യാപനവും നടപ്പാക്കാൻ സാധിക്കില്ലെന്നത് നിസ്തർക്കമാണ്. നബാർഡ് ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചിട്ടില്ല. കോട്ടയം മെഡിക്കൽ കോളേജിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പാക്കാതെ പോയത് ഇതിന് ഉത്തമോദാഹരണമാണ്. നിർമ്മാണോൽഘാടനം നടന്ന

കുമരകം തിരുവാർപ്പ് കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കുമരകം ദുരന്തത്തെത്തുടർന്ന് സ്വീക രിക്കേണ്ട യാതൊരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. പദ്ധതി നിർമ്മാണപ്രവർത്തനങ്ങൾ പൂർണ്ണമായും നടത്തിയിട്ടുണ്ടോ എന്ന് പരിശോ ധിക്കാതെ പ്രഖ്യാപനങ്ങൾ മാത്രം നടത്തി ഉദ്ഘാടനം നിർവ്വഹിച്ച് കേരള ത്തിലെ ജനങ്ങളെ വിഡ്ഢികളാക്കുകയാണ്. കരിയാർമുട്ട്-ഓരുമുട്ട് റെഗു ലേറ്റർ നിർമ്മിച്ച് കുട്ടനാടൻ പാടശേഖരങ്ങളിൽ ഓരുവെള്ളം കയറുന്നത് തടയണം. വകുപ്പുകൾ തമ്മിലുള്ള തർക്കം കാരണം ഗ്രാമീണ റോഡുക ളുടെ പണി പൂർത്തിയാക്കാൻ കഴിയുന്നില്ല. 1000 കോടി രൂപയുടെ റിന്യൂവൽ പദ്ധതിക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ റോഡ് നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. തുക മാറ്റിവച്ചിരിക്കുന്നതു പോലും വേണ്ടവിധത്തിൽ ഉപയോഗിക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് ഭരിച്ചുകൊണ്ടിരിക്കുന്നത്. പോലീസ് സ്റ്റേഷൻ ആക്രമണങ്ങൾക്ക് ഭരണക ക്ഷിയിലെ യുവജനസംഘടനകൾ നേതൃത്വം കൊടുക്കുന്ന സ്ഥിതിയാണു ള്ളത്. സംസ്ഥാനത്തെ ക്രമസമാധാനനില തകർന്നിരിക്കുന്നു. ഈ ഗവൺമെന്റിന് ജനങ്ങളോട് നീതി പുലർത്താൻ കഴിഞ്ഞിട്ടില്ല. സമസ്ത മേഖലകളും തകർച്ചയിലാണ്. സ്വാശ്രയ വിദ്യാഭ്യാസനിയമം കോടതി വിധിയെത്തുടർന്ന് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഫീസ് വർദ്ധിപ്പിച്ച് മാനേ ജ്മെന്റുകൾക്ക് അധികാരം വിട്ടുകൊടുത്തിരിക്കുകയാണ്. ജനങ്ങളെ കബളിപ്പിക്കുന്ന തരത്തിലുള്ള നയപ്രഖ്യാപനപ്രസംഗമാണ് ഇവിടെ നടത്തി യിട്ടുള്ളത്.

<u>ശ്രീ. എ. എ. അസീസ്</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. യു. ഡി. എഫ്. ഭരണകാലത്ത് അവതരിപ്പിച്ച നയപ്രഖ്യാപനവും ബഡ്ജറ്റും ജനങ്ങളെ കബളിപ്പിക്കുന്നതായിരുന്നു. എൽ. ഡി. എഫ്. ഗവൺമെന്റ് നയപ്രഖ്യാപന പ്രസംഗങ്ങളിലും ബഡ്ജറ്റുകളിലും പറഞ്ഞിരുന്ന കാര്യങ്ങൾ നടപ്പിലാക്കുക യാണ് ചെയ്തിട്ടുള്ളത്. ജനക്ഷേമകരമായ കാര്യങ്ങളാണ് ഈ നയപ്രഖ്യാപ നപ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. സാധാരണക്കാരുടേയും തൊഴിലാളികളു ടേയും ജീവിത പ്രയാസങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടികളാണ് നയപ്രഖ്യാപനത്തിലെ പ്രധാനപ്പെട്ട വിഷയം. വിലക്കയറ്റം നിയന്ത്രിക്കാൻ യാതൊന്നും ചെയ്യാൻ കഴിയില്ല എന്നുപറഞ്ഞ് ഒഴിഞ്ഞുമാറുന്ന കേന്ദ്ര ഗവൺമെന്റ് നടപടിയെ അംഗീകരിക്കാനാവില്ല. തെരഞ്ഞെടുപ്പ് വരുന്നതു കൊണ്ട് ജനക്ഷേമകരമായ കാര്യങ്ങളൊന്നും നടപ്പിലാക്കാൻ പാടില്ല എന്ന പ്രതിപക്ഷത്തിന്റെ ആരോപണം ശരിയല്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാ ലത്താണ് ജീവനക്കാർ 32 ദിവസം സർക്കാർ ഓഫീസുകൾ പൂട്ടിയിട്ട് സമരം നടത്തിയ സാഹചര്യമുണ്ടായത്. മൂന്നു രൂപയ്ക്ക് പത്ത് ലക്ഷം പേർക്ക് അരി കൊടുത്തതിന്റെ കാശുപോലും കൊടുക്കാൻ യു.ഡി.എഫ്. ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ല. 2011 ഫെബ്രുവരി മാസം 23-ാം തീയതി തൊഴിലാളി പ്രസ്ഥാന ങ്ങൾ രാഷ്ട്രീയ വ്യത്യാസമില്ലാതെ ഇൻഡ്യൻ പാർലമെന്റിനുമുന്നിൽ മാർച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ജനദ്രോഹകരമായ സമീപനങ്ങൾക്കെതിരായാണെന്നുള്ളത് പ്രതിപക്ഷം മനസ്സിലാക്കേണ്ട വസ്തുതയാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u> പ്രമേയത്തെ അനുകൂലിക്കുന്നു. വികസന രംഗത്ത് യു.ഡി.എഫ്. ഗവൺമെന്റ് 19,000 കോടി രൂപ ചെലവഴിച്ചിരുന്നത്

ഈ ഗവൺമെന്റിന്റെ കാലത്ത് 40,000 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. കേരളത്തിന്റെ വികസന സൂചിക രാജ്യത്തെ ഏറ്റവും ഉയർന്ന നിലയിലാണെന്നത് അഭിമാനാർഹമാണ്. വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ ഉൾപ്പെടെ നിരവധി പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളെ അംഗീകരിക്കാൻ മാധ്യമങ്ങൾ തയ്യാറായി എന്നുള്ളത് ശ്രദ്ധേയമാണ്. കേന്ദ്ര ഗവൺമെന്റിന്റെ രാജ്യദ്രോഹ ജനദ്രോഹ നയങ്ങൾ ജനങ്ങൾ തിരിച്ചറിയാൻ തുടങ്ങിയിട്ടുണ്ട്. വിദേശ ബാങ്കുകളിലെ നിക്ഷേപകരുടെ പേരുകൾ വെളിപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വീണ്ടും കേരളത്തിൽ അധികാരത്തിൽ വരാൻ പോകുന്നു എന്നുള്ള സത്യം പ്രതിപക്ഷം ഉൾക്കൊള്ളണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ തവണത്തെ നയ പ്രഖ്യാപനങ്ങൾ പോലും ഇവിടെ നടപ്പിലായിട്ടില്ല. അറബിക്/മലയാളം സർവ്വകലാശാലകൾ പ്രഖ്യാപനമായി അവശേഷിക്കുകയാണ്. അഞ്ചുവർഷം കഴിഞ്ഞിട്ടും സ്വാശ്രയ വിദ്യാഭ്യാസ നിയമം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തിന്റെ രണ്ട് പഞ്ചവൽസര പദ്ധതികൾക്ക് ഉപയോഗിക്കേണ്ട 80,000 കോടി രൂപ തട്ടിയെടുത്ത് രാജ്യദ്രോഹത്തിനും തീവ്രവാദത്തിനും വേണ്ടി ഉപയോഗിച്ചു എന്ന് മുഖ്യമന്ത്രി തന്നെ കേന്ദ്രത്തിന് കത്തെഴുതിയ സാഹചര്യമാണുള്ളത്. മദ്യക്കച്ചവടം സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നു. പഞ്ചായത്ത്രാജ് നിയമത്തെ ഈ സർക്കാർ തകിടംമറിച്ചു. ചെക്ക്പോസ്റ്റുകളിൽ ഉണ്ടായിരുന്ന നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞ് യഥേഷ്ടം വ്യാജ സ്പിരിറ്റ് ഒഴുക്കി കേരളം മദ്യലോബികളുടെ മേഖലയായി

മാറിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായമില്ലായിരുന്നെങ്കിൽ വ്യവസായ വകുപ്പ് നിശ്ചലമാകുമായിരുന്നു. സ്പെഷ്യൽ ഇക്കണോമിക് സോണിലേക്ക് തിരിച്ചുവരുന്നു എന്നതിനപ്പുറം ഒന്നും തന്നെ ചെയ്തിട്ടില്ല. സ്മാർട്ട് സിറ്റി പദ്ധതി യഥാസമയം നടപ്പിലാക്കാത്തതിനാൽ ലക്ഷക്കണക്കിന് തൊഴിൽ സാദ്ധ്യതകളും കോടിക്കണക്കിന് രൂപയുമാണ് കേരളത്തിന് നഷ്ടമായത്. പൊതു പ്രവർത്തകരെ അവഹേളിക്കാൻ വ്യാജ രേഖകൾ ചമയ്ക്കുന്നത് ലജ്ജാകരമാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പാർട്ടിയുടെ വളർച്ചയിൽ അസൂയ പൂണ്ടവരാണ് ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ പേരിൽ കള്ള പ്രചാരണവുമായി രംഗത്ത് വന്നിരിക്കുന്നത്. ഈ കേസ്സിൽ ഇനി ഒരു അന്വേഷണം നടത്തുന്നത് സുപ്രീംകോടതിയെ അപമാനിക്കുന്നതിന് തുല്യമാണ്. ഒരു പൊതുപ്രവർത്തകനെ തേജോവധം ചെയ്യുന്ന നടപടി അവസാനിപ്പിക്കണം.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. എല്ലാ വിഭാഗം ജനങ്ങൾക്കും വൈദ്യുതി നൽകാനും അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാനും ഈ സർക്കാരിന് സാധിച്ചു. ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ മണ്ഡലങ്ങളിലും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി. കൊട്ടാരക്കര മണ്ഡലത്തിൽ കോടതി സമുച്ചയത്തിന്റെ ഉദ്ഘാടനം നടക്കാൻ പോവുകയാണ്. അവിടെ ഫയർ സ്റ്റേഷനും പോലീസ് സ്റ്റേഷനും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കുകയും കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. ക്രമസമാധാനത്തിന് ഏറ്റവും മെച്ചപ്പെട്ട സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന് നേടിയെടുക്കാൻ കഴിഞ്ഞു. പൊതുഭരണത്തിനുള്ള അവാർഡും കേരളത്തിന് ലഭിച്ചത് അഭിനന്ദനാർഹമാണ്. കേരളത്തിലെ രണ്ട്

ജില്ലകളെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളാക്കി മാറ്റാനും 56 നിയമസഭാ മണ്ഡലങ്ങളെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലങ്ങളാക്കി മാറ്റാനും സാധിച്ചു. സമസ്ത മേഖലകളിലും സാമൂഹ്യനീതി ഉറപ്പുവരുത്താൻ കഴിഞ്ഞു. ക്ഷേത്ര ജീവനക്കാർക്കുള്ള ക്ഷേമനിധിയിൽ സ്വകാര്യ ക്ഷേത്രങ്ങളിലെ ശാന്തിക്കാരെക്കൂടി ഉൾപ്പെടുത്തണം. ക്ഷേത്രങ്ങളിലെ ശാന്തിക്കാരുടെ ഗ്രേഡ് ഉയർത്താനും ശമ്പളം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. റേഷൻ കടകളിലൂടെ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. പോലീസ് ആക്ട് പരിഷ്ക്കരിക്കുകയും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനുള്ള 119-ാം വകുപ്പ് ആക്ടിൽ ഉൾപ്പെടുത്തുകയും ചെയ്ത നടപടി ശ്ലാഘനീയമാണ്. കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കി. കാർഷിക കടം നിമിത്തം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുകയും കർഷക ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുകയും ചെയ്തു. തരിശുഭൂമി കൃഷിക്കുപയുക്തമാക്കുകയും കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി ആയിരം പച്ചക്കറി ഗ്രാമം പോലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും കാർഷിക രംഗത്ത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കന്നുക്കുട്ടികളേയും ആട്ടിൻകുട്ടികളേയും വിതരണം ചെയ്തുകൊണ്ട് നിരവധി സ്ത്രീകൾക്ക് ജീവിതമാർഗ്ഗമുണ്ടാക്കിക്കൊടുത്തു. മെഡിക്കൽ കോളേജുകളിലേയും മറ്റ് സർക്കാർ ആശുപത്രികളിലേയും ഭൗതിക സാഹര്യങ്ങൾ മെച്ചപ്പെടുത്തി. തൊഴിൽ സാധ്യത വർദ്ധിപ്പിച്ചും പുതിയ സംരംഭങ്ങൾ ആരംഭിച്ചും ജനജീവിതം സമ്പുഷ്ടമാക്കി. പെട്രോ

ളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ച് വിദേശ എണ്ണക്കമ്പനികളെ സഹായിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റാണ് സംസ്ഥാനത്ത് നടക്കുന്നതെന്ന് കാണാൻ കഴിയും. സമസ്ത മേഖലയിലും സമഗ്രമായ മാറ്റമുണ്ടാക്കാനുതകുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുപ്രകാരം തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടവരാണ് മുസ്ലീങ്ങളും ലത്തീൻ കത്തോലിക്കാ വിഭാഗവും. പാലോളി കമ്മീഷൻ ശുപാർശ അനുസരിച്ച് ന്യൂനപക്ഷങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള മുഴുവൻ ആനുകൂല്യങ്ങളും തീരപ്രദേശ ക്രൈസ്തവർക്കും പരിവർത്തിത ക്രൈസ്തവ സമൂഹത്തിനും കൊടുക്കുമെന്ന പ്രഖ്യാപനം വളരെ സന്തോഷത്തോടുകൂടിയാണ് അവർ നോക്കിക്കാണുന്നത്. നോർക്ക വകുപ്പിന്റെ കീഴിലുള്ള എല്ലാ ഏജൻസികളേയും ഒരു കൂരയുടെ കീഴിൽ കൊണ്ടുവരിക എന്ന കാഴ്ചപ്പാടോടുകൂടി നോർക്ക കേന്ദ്രം ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രവാസികൾക്ക് വേണ്ടി ചെയ്യുന്ന ഏറ്റവും നല്ല കാര്യമാണ്. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. വനാവകാശ നിയമപ്രകാരം 20000 കുടുംബങ്ങൾക്ക് ഭൂമിയിൽ അവകാശം നൽകിയ നടപടി അഭിനന്ദനാർഹമാണ്. പൊതുമരാമത്ത് പണികളുടെ മേൽനോട്ടം വഹിക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റും എം.എൽ.എ.-യും അസിസ്റ്റന്റ് എഞ്ചിനീയറും അടങ്ങുന്ന സമിതിയെ നിയോഗിക്കുന്നത് ആശാവഹമാണ്. ക്ഷേത്ര പൂജാരികൾ ഒഴികെയുള്ള ജീവന

ക്കാർക്ക് അനുകൂലമായ പദ്ധതികൾ ആവിഷ്ക്കരിക്കുമെന്ന പ്രഖ്യാപനം ശ്രദ്ധേയമാണ്. സംസ്ഥാനത്തെ 951 പഞ്ചായത്തുകൾക്കും നിർമ്മൽ പുരസ്ക്കാർ ലഭിച്ചുവെന്നത് വലിയ നേട്ടമാണ്. ഗവർണ്ണറുടെ നയപ്രഖ്യാപ നത്തെക്കുറിച്ച് നിരർത്ഥകമായ ആക്ഷേപങ്ങൾ മാത്രമാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്.

ശ്രീ. പി.വിശ്വൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഉപരാഷ്ട്രപതി യിൽ നിന്നും സംസ്ഥാന മുഖ്യമന്ത്രി ബെസ്റ്റ് ബിഗ് സ്റ്റേറ്റ് അവാർഡ് ഇൻ ഗവേണൻസ് ഏറ്റുവാങ്ങിയത് ശ്ലാഘനീയമാണ്. കാർഷിക-വ്യാവസായിക പുരോഗതിക്കുള്ള ചർച്ചകൾ നടത്താൻ പ്രതിപക്ഷം തയ്യാറാകണം. കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്ത്രീകളുടേയും കുട്ടികളുടേയും വാർഡ് പുനരുദ്ധരിക്കാനും കർഷകർക്ക് പെൻഷൻ നൽകുന്ന 'കിസാൻ അഭിമാൻ' പദ്ധതി നടപ്പിലാക്കാനും ലക്ഷോപലക്ഷം ചെറുപ്പക്കാർക്ക് പി.എസ്.സി നിയമനങ്ങൾ നൽകാനും സാധിച്ചു. യു.ഡി.എഫ്. ഭരണക്കാ ലത്ത് നികുതിഭാരം ജനങ്ങളിൽ അടിച്ചേൽപ്പിക്കുകയും കോടിക്കണക്കിനു രൂപയുടെ കുടിശ്ശികയുണ്ടാക്കുകയും ചെയ്തു. പൊതുമേഖലാ സ്ഥാപന ങ്ങൾ പുനരുദ്ധീകരിക്കുന്നതിനും ലാഭകരമാക്കുന്നതിനും സാധിച്ചു. വിദ്യാഭ്യാസ രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. കാർഷിക മേഖലയിൽ ക്ഷേമപദ്ധതികൾ നടപ്പിലാക്കി. യു.പി.എ. സർക്കാർ അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുകയാണ്.

ശ്രീ. കെ.കെ. ഷാജു: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ കേന്ദ്രസഹായത്തെക്കുറിച്ചുള്ള പരാമർശങ്ങ ളൊന്നുമില്ല. പൊതുവിതരണ സമ്പ്രദായം കൺകറന്റ് ലിസ്റ്റിൽ

ഉൾപ്പെട്ടതിനാൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും ഒരുപോലെ ഉത്തരവാദിത്വമുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതിൽ നിന്നും സംസ്ഥാന സർക്കാരിന് ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ല. സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിക്കാൻ മൂന്ന് വർഷം വേണ്ടി വന്നത് സംസ്ഥാന സർക്കാരിന്റെ അനാസ്ഥയെയാണ് കാണിക്കുന്നത്. കുട്ടനാട് പാക്കേജിനെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അതിനുവേണ്ടി പ്രോജക്ട് റിപ്പോർട്ടുപോലും കേന്ദ്രസർക്കാരിന് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. കുട്ടനാട് പാക്കേജ് നടപ്പിലാക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഈ സർക്കാരിന് ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ല. ലാവ്‌ലിൻ തുടങ്ങിയ പല പ്രധാന പ്രശ്നങ്ങളും മറച്ചുവയ്ക്കുന്ന എൽ.ഡി.എഫ്-ന് സ്ത്രീപീഡനവും പെൺവാണിഭവും സംബന്ധിച്ച് പറയാൻ യാതൊരവകാശവുമില്ല.

<u>ശ്രീ. എ.എം. യൂസഫ്:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ക്ഷേമ കാര്യങ്ങളിലും വികസന പ്രവർത്തനങ്ങളിലും വ്യക്തമായ കാഴ്ചപ്പാടുള്ള സർക്കാരാണിത്. കർഷകത്തൊഴിലാളികൾക്കും അടിസ്ഥാന തൊഴിലാളി വർഗ്ഗത്തിനും അനുകൂലമായ നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. സാംസ്ക്കാരിക വളർച്ചയ്ക്കായി എല്ലാ മേഖലകളിലും ഇടപെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. പലിശരഹിത വായ്പ നൽകിയും കടങ്ങൾ എഴുതിത്തള്ളിയും സംസ്ഥാനത്ത് കർഷക ആത്മഹത്യ ഇല്ലാക്കി. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. കേന്ദ്ര നയംമൂലം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ തകർച്ചയെ നേരിടുമ്പോഴും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും

ആ ലാഭമുപയോഗിച്ച് പുതിയവ ആരംഭിക്കാനും സാധിച്ചു. ഉൽപ്പാദനം വർദ്ധിപ്പിച്ചും അദാലത്തുകൾ സംഘടിപ്പിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിയും വൈദ്യുതി മേഖല മെച്ചപ്പെടുത്തി. എട്ട് ജില്ലകളെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളാക്കി മാറ്റി. വിവിധ വ്യവസായ മേഖല കളിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കി. രാജ്യത്തിന് വിദേശ നാണ്യം നേടിക്കൊടുക്കുന്നതിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിന് കേന്ദ്ര സർക്കാർ ഒരു പരിഗണനയും നൽകുന്നില്ല. കേന്ദ്രം ഫെഡറൽ സംവിധാനമ നുസരിച്ച് റേഷൻ സാധനങ്ങൾ നൽകുന്നില്ലെന്നു മാത്രമല്ല, വിഹിതം വെട്ടി ക്കുറയ്ക്കുകയും വില കൂട്ടുകയുമാണ് ചെയ്യുന്നത്. സംസ്ഥാനത്ത് ക്രമസ മാധാനനില മെച്ചപ്പെടുത്താൻ കഴിഞ്ഞു. പ്രവാസികൾക്കനുകൂലമായ നില പാട് സ്വീകരിച്ച ഗവൺമെന്റാണിത്. പാലോളി കമ്മീഷൻ നടപ്പാക്കി പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്കനുകൂലമായ നിലപാട് സ്വീകരിച്ചു. സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർക്കും അർഹരായ പാവപ്പെട്ടവർക്കും മാന്യമായ പരിരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നിയമങ്ങൾ പാസ്സാക്കി. സ്ത്രീ സംരക്ഷണത്തിനുതകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചു. കടലോരമേഖലയെ പട്ടിണിയിൽനിന്നും സംരക്ഷി ക്കാൻ കഴിഞ്ഞു. ക്ഷേമനിധിയിൽ അംഗമല്ലാത്ത മറ്റു വിഭാഗം തൊഴിലാളി കൾക്കുകൂടി രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതി നടപ്പിലാക്കണം. ജന മൈത്രി പോലീസിംഗ് സംവിധാനം നടപ്പിലാക്കിയത് സ്വാഗതാർഹമാണ്.

<u>ശ്രീ. കെ. രാജു</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വരുന്ന ഒരു വർഷം ഗവൺമെന്റ് നടത്താൻ പോകുന്ന പ്രവർത്തനങ്ങളുടെ ഒരു വ്യക്തമായ ചിത്രം നിയമസഭാംഗങ്ങളിലും ജനങ്ങളിലുമെത്തിക്കുന്ന നയപ്ര ഖ്യാപനമാണ് ഇവിടെ നടത്തിയിട്ടുള്ളത്. ഇടതുപക്ഷജനാധിപത്യമുന്നണി

ഗവൺമെന്റുതന്നെ വീണ്ടും അധികാരത്തിൽ വരുമെന്ന കാര്യത്തിൽ സംശയമില്ല. കശുവണ്ടിത്തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുകയും ശമ്പള വർദ്ധനവ് നടപ്പിലാക്കുകയും ഒരു വർഷം 250-ലധികം ദിവസം പണി കൊടുക്കുകയും ചെയ്തിട്ടുണ്ട്. കർഷകത്തൊഴിലാളികളുടെ 25 മാസത്തെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുകയും അവരുടെ കൂലി പുതുക്കി നിശ്ചയിക്കുകയും ചെയ്തു. കർഷക ആത്മഹത്യ ഇല്ലാതാക്കി. കാർഷിക കടാശ്വാസ കമ്മീഷൻ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞു.

ശ്രീ. കെ.കെ. ജയചന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പ്രവർത്തനങ്ങളുടേയും വികസന പ്രവർത്തനങ്ങളുടേയും ഫലമായി പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിക്കാൻ കഴിഞ്ഞു. പുതിയ കാലഘട്ടത്തിലെ പ്രശ്നങ്ങൾ സ്വാംശീകരിച്ചുകൊണ്ടും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും പുതിയ വികസിത കേരളം സൃഷ്ടിക്കുന്നതിനുള്ള കാഴ്ചപ്പാടുകളടങ്ങുന്നതാണ് ഈ നയപ്രഖ്യാപനം. എല്ലാ വിഭാഗം ജനങ്ങളേയും അവരുടെ ജീവിത ആവശ്യങ്ങളേയും പരിഗണിക്കുന്നതും വികസനത്തിനോടൊപ്പം പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ആശ്വാസം പകരുന്നതുമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കേരളം ഇൻഡ്യയ്ക്കു തന്നെ മാതൃകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് പിടിച്ചുനിർത്താൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധന ഊഹക്കച്ചവടം വ്യാപിപ്പിക്കുന്നതിനും പൊതുവിതരണ

സമ്പ്രദായം തകർക്കുന്നതിനും കാരണമായിട്ടുണ്ട്. 41 ലക്ഷം കുടുംബ ങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകാൻ സാധിച്ചു. വിലക്കയറ്റം പിടിച്ചുനിർ ത്തുന്നതിന് മൂന്ന് രൂപയ്ക്ക് അരി നൽകുമെന്ന പ്രഖ്യാപനം കേന്ദ്ര ഗവൺമെന്റ് ഇതുവരെ പാലിച്ചിട്ടില്ല. ഇപ്പോൾ നൽകുന്നതിനു പുറമേ 337 കോടി രൂപ കൂടി നൽകി പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതി നുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കാർഷിക മേഖലയെ മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. പാൽ, മുട്ട, ഇറച്ചി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിച്ചു. കേന്ദ്ര ഗവണ്മെന്റിന്റെ നിർമ്മൽ പുരസ്ക്കാരം നേടാൻ മിക്കവാറും ഗ്രാമ പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ടി.എൻ. പ്രതാപൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. നടപ്പിലാ ക്കാൻ കഴിയാത്ത പ്രഖ്യാപനങ്ങളാണ് ഗവർണ്ണറുടെ പ്രസംഗത്തിലുള്ളത്. കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണം വിലയിരുത്തിയാൽ വികസന കാര്യത്തിൽ കേരളം പിന്നോട്ടുപോയിരിക്കുന്നു എന്ന് ബോദ്ധ്യമാകും. അസോസിയേറ്റ് ചേമ്പർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി നടത്തിയ പഠനറിപ്പോർട്ട് അനുസരിച്ച് ഇൻഡ്യയിൽ വ്യവസായികൾ നിക്ഷേപം നടത്താൻ ഇഷ്ട പ്പെടുന്ന ആദ്യത്തെ അഞ്ച് സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെട്ടിട്ടില്ല. അടിസ്ഥാന സൗകര്യ വികസനമേഖലയിലും പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. വ്യവസായ നിക്ഷേപത്തിലും കേരളം പിന്നിലാണ്. പ്രായോഗികമായ വികസന അജണ്ടയും ആസൂത്രണവും ചടുലമായ പ്രവർത്തന ശൈലിയുമാണ് കേരളത്തിന് വേണ്ടത്. ഇന്ദിരാ ആവാസ് യോജന, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടങ്ങി 22 കേന്ദ്ര പദ്ധതികൾക്ക് കേന്ദ്രം അനുവദിച്ച 2187.82 കോടി രൂപയിൽ

കഴിഞ്ഞ നാലേമുക്കാൽ വർഷമായി കേരളം വിനിയോഗിച്ചത് ആയിരം കോടിയോളം രൂപ മാത്രമാണ്. 60 ശതമാനം തുകയും പാഴാകുകയും 20 ശതമാനം വകമാറി ചെലവഴിക്കുകയുമാണുണ്ടായത്. ഉച്ചഭക്ഷണ പദ്ധതിക്കായി സംസ്ഥാനത്തിന് നൽകിയ 256.03 കോടി രൂപയിൽ 96 കോടി രൂപ മാത്രമാണ് ഇതുവരെ വിനിയോഗിച്ചത്. പട്ടികജാതി/പട്ടികവർഗ്ഗ, ആദിവാസി ക്ഷേമ പദ്ധതികൾക്ക് അനുവദിച്ച തുക പൂർണ്ണമായും ലാപ്സായി. ട്രൈബൽ പദ്ധതിക്കു വേണ്ടി നൽകിയ അഞ്ച് കോടി രൂപയിൽ ചെലവഴിച്ചത് 2.32 കോടി രൂപ മാത്രമാണ്. സെൻട്രൽ റോഡ് സേഫ്റ്റി ഫണ്ടിൽ നിന്ന് ലഭിച്ച 49 കോടി രൂപയിൽ 26 കോടി രൂപ മാത്രമാണ് വിനിയോഗിച്ചത്. സർവ്വശിക്ഷാ അഭിയാൻ ഫണ്ട് ഇനത്തിൽ 212.65 കോടി രൂപ അനുവദിച്ചതിൽ സംസ്ഥാനം വിനിയോഗിച്ചത് 156 കോടി രൂപ മാത്രമാണ്. കേരളത്തിലെ കേന്ദ്ര സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയുടെ 90 ശതമാനവും ചെലവഴിച്ചിട്ടുണ്ട്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ ട്രാൻസ്ഷിപ്മെന്റ്, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ ആധുനിക ടെർമിനൽ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് മുഴുവൻ തുകയും ചെലവാക്കി. മൂന്നുരൂപാ നിരക്കിലുള്ള അരി ഈ സാമ്പത്തിക വർഷം തന്നെ എല്ലാ സംസ്ഥാനങ്ങൾക്കും നൽകുന്നതിനുള്ള നടപടി കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

സഭ ഉച്ചയ്ക്കുശേഷം 3.42-ന് പിരിഞ്ഞു.